പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 3396 — 14/10/2011 ൽ മറുപടിയ്ക്ക്

## അരൂർ മണ്ഡലത്തിൽ 'ആശ്വാസകിരണം' പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. എ.എം. ആരിഫ് :

ഡോ. എം.കെ. മുനീർ:
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അരൂർ മണ്ഡലത്തിൽ സ്വന്തം നിലയിൽ പ്രാഥമിക ആവശ്യം നിറവേറ്റാൻ കഴിയാത്ത എത്ര വികലാംഗരെയാണ് സാമൂഹ്യക്ഷേമ വകുപ്പ് കണ്ടെത്തിയിരിക്കുന്നത്; ഇത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; ഇവരെ ആശ്വാസകിരണം പദ്ധതിയിൽ എന്ന് ഉൾപ്പെടുത്തുമെന്നും സഹായങ്ങൾ നൽകുമെന്നും അറിയിക്കുമോ; | (എ) അരൂർ മണ്ഡലത്തിൽ സ്വന്തം നിലയിൽ പ്രാഥമിക ആവശ്യം നിറവേറ്റാൻ കഴിയാത്ത വികലാംഗരെ കണ്ടെത്തുന്നതിനുള്ള മൊബൈൽ ക്യാമ്പുകൾ ആലപ്പുഴ ജില്ലയിൽ നവംബർ മാസത്തിൽ ആരംഭിക്കുന്ന ബ്ലോക്ക്തല ക്യാമ്പുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ഇവരുടെ പരിചാരകർക്ക് പ്രതിമാസ ധന സഹായം അനുവദിക്കുന്ന 'ആശ്വാസകിരണം' പദ്ധതിയുടെ ആനുകൂല്യത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതാണ്. |
| (ബി) വികലാംഗർക്ക് കാർഡ് വിതരണം നടത്തുന്ന പദ്ധതി ഇനി ഏതെങ്കിലും ജില്ലയിൽ പൂർത്തീകരിക്കാനുണ്ടോ? | (ബി) ഒന്നാം ഘട്ടമായ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റിതല ക്യാമ്പുകളാണ് ഇതുവരെ എല്ലാ ജില്ലകളിലും നടന്നിട്ടുള്ളത്. രണ്ടാം ഘട്ടമായി ബ്ലോക്ക് തലത്തിൽ ക്യാമ്പുകൾ നടത്തുന്നതിന് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിച്ച് പ്രവർത്തനം നടന്നുവരികയാണ്. ഈ പ്രവർത്തനം 2012 ഫെബ്രുവരിയോടുകൂടി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

R. Vijayakumar
സെക്ഷൻ ഓഫീസർ